بسم الله الرحمن الرحيم

# പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

## വെള്ളിയാഴ്ച ഖുത്തുബ

*01 June 2012 ~ 10 Rajab 1433 Hijri*

## ഹസ്രത്ത് ഖലീഫത്തുല്ല, അൽമസീഹുൽ മൗഊദ് മുനീർ അഹ്മദ് അസീം(അ)

**(വെള്ളിയാഴ്ച ഖുത്തബയുടെ സംഗ്രഹം)**

ഹസ്രത്ത് മുഹ്‌യിദ്ദീൻ (atba) തന്റെ എല്ലാ അനുചരന്മാർക്കും സമാധാനാഭിവാദ്യം നേർന്നു കൊണ്ടും, ഇന്ത്യ, ട്രിനിഡാഡ്, ടുബാഗോ, എന്നീ രാജ്യങ്ങളെ പ്രത്യേകമായി സ്മരിച്ചു കൊണ്ടും തശ്ഹുദും, തഅവ്വുദും സൂറ:അൽഫാത്തിഹായും ഓതിയശേഷം ഇപ്രകാരം പറഞ്ഞു.

അല്ലാഹുവിന്റെ അനുഗ്രഹങ്ങളും അളവറ്റ കാരുണ്യവും നമ്മിൽ വർഷിച്ചു കൊണ്ടിരിക്കുന്നു. ഈ കൃപാവർഷത്തിനു നാം എത്ര നന്ദി പറഞ്ഞാലും മതിയാവില്ല. ഹസ്രത്ത് മുഹമ്മദു(
(സ)യുടെ ഉമ്മത്തിനും ഹസ്രത്ത് മസീഹ് മഊദ്(അ) ന്റെ ജമാഅത്തിനും ജമാഅത്ത് സഹീഹ് അൽ ഇസ്ലാമിനും നിങ്ങളോടൊപ്പം നിൽക്കുന്ന ഈ വിനീതദാസനും ഇവിടെ സന്നിഹിതരായിരിക്കുന്ന, അല്ലാഹുവിന്റെ എല്ലാ ദാസന്മാർക്കും അല്ലാഹു അനുഗ്രഹങ്ങൾ ഇറക്കുകയും ' ഹിദായത്തു ' നൽകുകയും ചെയ്തിരിക്കുന്നു. അളവറ്റ ത്യാഗങ്ങൾ ചെയ്യേണ്ടതായി വന്നാലും എന്തു തന്നെ പരീക്ഷണങ്ങൾ നേരിടേണ്ടാതായി വന്നാലും അല്ലാഹുവിന്റെ പാതയിൽ നിങ്ങൾ ഉറച്ചു തന്നെ നിൽക്കണം. അങ്ങനെയായാൽ അല്ലാഹു തന്റെ അനുഗ്രഹവർഷം തുടർന്നു കൊണ്ടേയിരിക്കും. ജനങ്ങൾ ഇത് ഇഷ്ടപ്പെടുകയോ, ഇഷ്ടപ്പെടാതിരിക്കുകയോ ചെയ്തു കൊള്ളട്ടെ. അവർ നമ്മെ സംഭാഷണ വിഷയമാക്കുകയും പരിഹസിക്കുകയും ചെയ്തു കൊള്ളട്ടെ. സഭ കൂടുകയും അപവാദം പറഞ്ഞു പരത്തുകയും ചെയ്തു കൊള്ളട്ടെ. അവർക്കു വേണ്ടുന്നതും തോന്നുന്നതുമൊക്കെ അവർ ചെയ്തു കൊള്ളട്ടെ. കരയിലായാലും പാറക്കെട്ടിലായാലും തിരമാലകൾ അടിച്ചു കൊണ്ടേയിരിക്കുന്നു. അതിൽ നിന്നും നമുക്ക് സമുദ്രത്തെ തടയാനാവില്ല– എന്നൊരു മൊഴിയുണ്ട്. അപവാദ വൃത്തങ്ങളിൽ ഏർപ്പെടുക എന്നത് നമുക്കു ചേർന്ന പ്രവൃത്തിയല്ല. അതു ഗൂഢ പദ്ധതികൾ ആവിഷ്കരിച്ചു ശീലമുള്ള വിരുതന്മാർ ചെയ്യുന്ന പണിയാണ്.

അല്ലാഹു നമ്മെ തിരഞ്ഞെടുത്തിരിക്കുന്നു. ഈ കാലഘട്ടത്തിലെ ദൈവിക സാക്ഷാത്ക്കാരത്തിൽ വിശ്വാസിക്കുവാൻ നമുക്കു ഹിദായത്തു നൽകിയിരിക്കുന്നു. ഈ യുഗത്തിനായി അല്ലാഹു അയച്ച ഈ വിനീത ദാസനെ തിരിച്ചറിയുവാനുള്ള ഭാഗ്യം നൽകിയിരിക്കുന്നു. എന്നിരിക്കെ എണ്ണമറ്റ പരീക്ഷണങ്ങളിലൂടെയും ബുദ്ധിമുട്ടുകളിലൂടെയും നാം യാത്ര ചെയ്യേണ്ടതായി വരും. അതു നാം പ്രതീക്ഷിക്കുകയും വേണം. അല്ലാഹു അയയ്ക്കുന്ന അനുഗ്രഹങ്ങളും കാരുണ്യവും പൂർണ്ണമായും സ്വീകരിക്കുന്നതിനു മുമ്പ്, നിങ്ങളുടെ വിശ്വാസം(ഈമാൻ) ഒരു ഇഷ്ടികയെപ്പോലെ ഉറപ്പുള്ളതാവുകയും ചെയ്യുന്നതിനു മുമ്പ്, നിങ്ങൾ ഒരുപാടു ത്യാഗങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു. എന്റെ ഒരു മുൻപ്രഭാഷണത്തിൽ, മണ്ണിൽ നട്ടൊരു വിത്തു മുളച്ച് വൻമരമാക്കുന്നതിനെ പറ്റി ഞാൻ വിശദമായി പറഞ്ഞിരുന്നു. വിത്തു മുളച്ച് ആദ്യം ചെറിയ ഒരു മരമാകുന്നു. വന്മരത്തിന്റെ ബലവത്തായ വേരുകളല്ല അപ്പോൾ അതിനുള്ളത്.അതിന്റെ വേര് ദുർബലമാണ്. ഒരു കാറ്റടിച്ചാലോ, അല്ലെങ്കിൽ കീടങ്ങളുടെ ഉപദ്രവമുണ്ടായാലോ അതു വേരറ്റു പോയേക്കാം. ഈ വേരറ്റു പോകലിനെ സഹായകമായത്തീരുന്ന മറ്റൊരു പാടു ഘടകങ്ങളുണ്ട്. ചിലപ്പോൾ അതിന് ആവശ്യത്തിനു വെള്ളം കിട്ടിയെന്നു വരില്ല.മറ്റു ചിലപ്പോൾ ആവശ്യത്തിലധികം വെള്ളം കിട്ടിയതു കൊണ്ടുമാവാം. അത് എല്ലാ പരീക്ഷണഘട്ടങ്ങളിലൂടെയും കടന്നു പോകുന്നു. പക്ഷേ അതിന്റെ വേരു ദൃഢമാകുന്നതു വരെ പിടിച്ചു നിൽക്കുന്നു. അങ്ങനെ അവസാനം ആ ദുർബലമായ വേര് കടപുഴകി പോവാനാവാത്ത വിധം ബലവും വളർച്ചയും ഉള്ളതായി തീരും.

ഒരു തോട്ടമുടമ താൻ നട്ടുവളർത്തിയ ചെടികൾ കണ്ടു വിസ്മയിച്ചു പോകുന്നു. മണ്ണ് ഉഴുതു മറിച്ച് കളയും, കളച്ചെടികളും, കല്ലും, കട്ടയുമെല്ലാം നീക്കം ചെയ്ത് വിത്തു നടുകയും വെള്ളം ഒഴിക്കുകയും ചെയ്യുന്നു. പകലും രാത്രിയും തന്റെ തോട്ടത്തെ സംരക്ഷിക്കുന്നു. ഇതെല്ലാം ത്യാഗ മാണ്. താൻ പാകിയ വിത്തു മുളച്ച് ചെടിയായി വളർന്നു തുടങ്ങുന്നതു കാണുമ്പോൾ, പ്രത്യേകിച്ചും അതു പൂവിടുന്നതു കാണുമ്പോൾ അയാൾക്ക് അളവറ്റ സംതൃപ്തി ഉണ്ടാവുന്നു. പൂവിട്ടു തുടങ്ങിയാൽ പിന്നെ ക്രമേണ ഫലങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങുന്നു. ഇനി ആ ഫലം വിളഞ്ഞു പഴുക്കണം. ഒരു നിമിഷം കൊണ് ടേന്നും അതു പഴുക്കുകയില്ല. വൃക്ഷം കായ്ച്ചു തുടങ്ങിയാൽ അതിലെ ഫലങ്ങൾ പഴുത്തു കഴിക്കാൻ പാകമാകുക എന്ന പ്രക്രിയയും മറ്റൊരു പരീക്ഷണഘട്ടമാണ്. പൂത്തുലഞ്ഞു നിൽക്കുന്ന എല്ലാ ചെടികളിലും പലപ്പോഴും ചെറിയ കായ്കളും ഉണ്ടാകും.

പക്ഷേ അവയിൽ പലതും പാകമാകുന്നതിനു മുമ്പ് വീണു പോകുന്നു– ഒരു ചെറിയ കാറ്റടിച്ചാൽ പോലും. ഇതുപോലെ ദൈവിക സാക്ഷാത്കാരം മനസ്സിലാക്കി, വിശ്വസിച്ച് അതു സ്വീകരിച്ചവർ ഒരു ചെറിയ പരീക്ഷണം നേരിടുമ്പോഴെക്കും വീണു പോകുന്നു. അവരുടെ ഈമാൻ(വിശ്വാസം) അവരിൽ നിന്നും തെറിച്ചു മാറപ്പെടുന്നു. എന്നാൽ എല്ലാ പ്രതികൂല സാഹചര്യങ്ങളെയും അതിജീവിച്ച് വൃക്ഷത്തോടു തന്നെ ചേർന്നു നിൽക്കുവാൻ കഴിയുന്ന ചില ഫലങ്ങൾ ഉണ്ട്. അവ വലുതായി, പഴുക്കുകയും പഴച്ചാർ നന്നായി നിറയുകയും ചെയ്യുന്നു. ദൈവിക സാക്ഷാത്കാരം സ്വീകരിക്കുകയും അല്ലാഹുവിൽ നിന്നുള്ള അടയാളങ്ങൾക്കു സാക്ഷിയാവുകയും സ്ഥിരചിത്തരായി നിൽക്കുകയും ചെയ്യുന്നവർ ഈ ഫലങ്ങളെ പോലെയാണ്. അവരുടെ വിശ്വാസം അഥവാ ഈമാൻ ക്രമേണ വർദ്ധിച്ച് പക്വവും മധുരമുള്ളതുമായി തീരുന്നു.

എന്റെ സഹോദരീ സഹോദരന്മാരെ, കുട്ടികളെ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാനിന്നു കഴിഞ്ഞാഴ്ചയിലെ പ്രഭാഷണം തുടരുകയാണ്.അല്ലാഹുവിനു സ്തുതി.(അൽഹം ദുലില്ലാഹ്) ഓരോ കാലഘട്ടത്തിലും അതിനനുസൃതമായ പരിക്ഷണങ്ങൾ ഉണ്ടാകുന്നു. പരിശുദ്ധ പ്രവാചകൻ (സ)യുടെ അനുയായികൾ അല്ലാഹുവിന്റെ മാർഗത്തിൽ ജീവൻ പോലും കൈവെടിഞ്ഞിട്ടുണ്ട്. മറ്റു പ്രവാചകന്മാരുടെ സമയത്തും അനുയായികൾക്ക് പല തരത്തിലുള്ള ബുദ്ധിമുട്ടുകളും യാതനകളും അനുഭവിക്കേണ്ടതായി വന്നിട്ടുണ്ട്. ചുരുക്കത്തിൽ തനിക്കു നേരിണ്ടേി വരുന്ന പരീക്ഷണങ്ങളിൽ വിജയിക്കാനാകുമെന്ന് സ്വയം തെളിയിച്ചങ്കില്ലാതെ അവനു പുരോഗതി ഉണ്ടാവില്ല. അല്ലാഹുവിന്റെ ദൃഷ്ടിയിൽ അവൻ സ്വീകരിക്കപ്പെടാൻ അർഹനുമല്ല. ബുദ്ധിമുട്ടുകൾ നേരിടാതെയും കഷ്ടതകൾ അനുഭവിയ്ക്കാതെയും ഒന്നും തന്നെ നേടിയെടുക്കാനാവില്ല. ഓർക്കുക, അല്ലാഹു അങ്ങേയറ്റം കാരുണ്യമുള്ളവനും കൃപാലുവുമാണ്. ഒരുവൻ ഒരിയ്ക്കലും അല്ലാഹുവിനോട് ഒരു നിഷേധാത്മക ഭാവം വെച്ചു പുലർത്തരുത്. അല്ലാഹുവിന്റെ മാർഗ്ഗം തന്റെ ദൃഷ്ടിയിൽ സൂക്ഷിക്കുകയും അല്ലാഹുവിനു വേണ്ടി വേദനകളും കഷ്ടപ്പാടുകളും സഹിയ്ക്കാൻ തയാറാവുകയും ചെയ്യുന്നവൻ വിജയം പ്രാപിക്കും.

അല്ലാഹു പഠിപ്പിച്ചു തന്ന മാർഗ്ഗം പിന്തുടരുകയും അല്പത്വം കാണിക്കാതിരിക്കയും ചെയ്യുന്നവനാണു വിജയം. അല്ലാഹുവിന്റെ മാർഗ്ഗം ഉപേക്ഷിച്ച് അങ്ങേയറ്റം അല്പത്വവും കാണിച്ചു നടക്കുന്നവൻ പുറം തള്ളപ്പെടും. യുദ്ധം ചെയ്യാനും ലോകത്തിനു വേണ്ടി മരിക്കാനും തയാറാകുന്നവരെ മാത്രമേ സൈന്യത്തിലേക്കു തെരഞ്ഞെടുക്കുകയുള്ളൂ എന്ന വസ്തുത ഏവർക്കും അറിയാം. അവർ ആയിരങ്ങളൊന്നും സമ്പാദിക്കുന്നില്ല. തുച്ഛമായ ശമ്പളത്തിനാണ് അവർ യുദ്ധത്തിനും മരണത്തിനും തയാറാകുന്നത്. ഭൗതിക നേട്ടങ്ങൾക്കായി ജനങ്ങൾ എന്തും ചെയ്യാൻ തയാറാകുന്നു. എന്നാൽ അല്ലാഹുവിനു വേണ്ടി പ്രവർത്തിക്കുന്നതിനും അനാദ്യന്തമായ ആനന്ദവും സ്വർഗ്ഗവും നേടിയെടുക്കുന്നതിനും ജനങ്ങൾക്ക് ഒരു ഉത്കണ്ഠയും ഇല്ലാതായിരിക്കുന്നു. ഇത് ഏറെ പരിതാപകരമായ ഒരു വാസ്തവമാണ്.

ജനങ്ങൾ ലൗകിക സുഖത്തിനു വേണ്ടി ക്ലേശങ്ങൾ അനുഭവിയ്ക്കാൻ തയാറാവുകയും പാരത്രിക സുഖത്തിനു വേണ്ടി അല്പ്പമെങ്കിലും പരിശ്രമിയ്ക്കാൻ വിസമ്മതിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണ്? ഇക്കൂട്ടർ അല്ലാഹു നൽകുന്ന പ്രതിഫലങ്ങൾക്കും ഔദാര്യങ്ങൾക്കും വില കല്പ്പിക്കുന്നില്ല എന്നതാണു സത്യം. അതിന്റെ മൂല്യം അവർക്കു മനസ്സിലായിരുന്നുവെങ്കിൽ അവരുടെ ജീവൻ പോലും ത്യജിയ്ക്കാൻ അവർ തയാറാകുമായിരുന്നു. യഥാർത്ഥ ജീവിതവും സത്യമായ സുഖവും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ മരിക്കുന്നതു വഴിയാണു കരഗതമാകുന്നത്. ഈ ലോകവുമായി നമ്മെ ബന്ധിച്ചിടാത്തൊരു തരം മരണത്തിലൂടെ കടന്നു പോയാൽ മാത്രമേ യഥാർതഥ ജീവിതം ലഭ്യമാകൂ. ഇതു പറയുമ്പോൾ എനിക്ക് ഷേക്ക് മുഹ്‌യിദ്ദീൻ അബ്ദുൽ ഖാദർ ജിലാനി(റ) യുടെ ജീവിതത്തിലെ രസകരമായ ഒരു സംഭവകഥ ഓർമ്മ വരുന്നു. അദ്ദേഹത്തിന് ഈ ലോകത്തോട് അങ്ങേയറ്റം വെറുപ്പു തോന്നുകയും ഈ ലോകത്തിനു വേണ്ടി 'ജനാസ' നമസ്കരിക്കുകയും ചെയ്തു. ഭൂമുഖത്തുള്ള ജീവിതം താത്കാലികമാണ്. പരലോക ജീവിതമാണ് അനാദ്യന്തമായുള്ളത്. ആ ജീവിതത്തിലാണ് ശാന്തിയും ആത്മീയ സുരക്ഷിതത്വവും ഉള്ളത്. ആത്മീയോന്നതി പ്രാപിക്കാനായി ചില മാന്ത്രിക വാക്കുകൾ അന്വേഷിച്ചു കൊണ്ടിരിക്കുന്ന ജനങ്ങൾ ഉണ്ട്. അത്തരം ആളുകൾ മതകാര്യങ്ങൾക്കു വേണ്ടി ഒട്ടും തന്നെ പരിശ്രമിക്കുവാൻ ആഗ്രഹമില്ലാത്തവരാണ്.അവർ അല്ലാഹുവിന്റെ കല്പനകളും അദ്ധ്യാപനങ്ങളും പിന്തുടരുവാൻ താത്പര്യമില്ലാത്തവരാണ് ഓരോരുത്തരും അല്ലാഹുവിന്റെ മാർഗ്ഗം അനുസരിച്ചു മുന്നോട്ടു നീങ്ങിയിരുന്നുവെങ്കിൽ എല്ലാ തിന്മകളും ദുഷ്പ്രവൃത്തികളും(അസൂയ, സഹജീവികളെ വധിക്കൽ തുടങ്ങിയ അധർമ്മങ്ങൾ) ഇല്ലാതാകുമായിരുന്നു.

മറിച്ച്, സുഖലോലുപരായി ജീവിക്കുമ്പോൾ തന്നെ തങ്ങളുടെ ഹൃദയങ്ങൾ പരിശുദ്ധമാക്കി വെയ്ക്കുവാൻ അവർ ആഗ്രഹിക്കുന്നു. കഥകളും കെട്ടുകഥകളും കേട്ടുകേട്ട് ഇത്തരം ജനങ്ങളിൽ വിശ്വാസത്തെ കുറിച്ച് ഒരു തെറ്റായ ധാരണ കടന്നു കൂടിയിരിക്കുന്നു എന്നതാണു വാസ്തവം.

അത്ഭുതമന്ത്രങ്ങളോ, 'തസ്ബീഹ്' പോലെ എന്തെങ്കിലുമോ ഉരുവിട്ടാൽ നേടിയെടുക്കാവുന്നതാണു വിശ്വാസം എന്ന് അവർ ധരിയ്ക്കുന്നു. മാത്രവുമല്ല തങ്ങളുടെ ഹൃദയങ്ങളിൽ ആത്മീയ രൂപാന്തരീകരണം വരുത്താൻ ഉതകുമെന്ന് അവർ കരുതുന്ന ചില അലൗകിക വ്യായാമങ്ങളും അവർ ചിട്ടപ്പെട്ടുത്തിയിരിക്കുന്നു. ഇത്തരം ഹൃദയരൂപാന്തരീകരണം മുഖേന അവരുടെ അവസ്ഥ ഫലത്തിൽ നേരത്തേതിനെക്കാളും മോശമായിത്തീരുന്നു എന്നതാണ് വിചിത്രമായ വസ്തുത.

യാദൃച്ഛികമെന്നു പറയട്ടെ, ആ മന്ത്രങ്ങളിൽ അററ(Arrah) എന്നൊരു മന്ത്രം അവസാനം ക്ഷയ രോഗം വരുത്തി വെയ്ക്കുന്നു. വിശുദ്ധ ഖുർആനിൽ പറഞ്ഞിരിക്കുന്നതു പോലെ അല്ലാഹു (തന്നിലേക്കു നയിക്കുന്ന) ഒരേയൊരു മാർഗ്ഗം സൃഷ്ടിച്ചിരിക്കുന്നു.

" അതിനെ (മനുഷ്യാത്മാവിനെ) പരിശുദ്ധമാക്കിയവർ തീർച്ചയായും വിജയം പ്രാപിച്ചു."(91:10)

അല്ലാഹു. ഇഷ്ടപ്പെടുന്നതിനെ മനുഷ്യനും ഇഷ്ടപ്പെടണം എന്ന കാര്യം തന്നെയാണ് ഇവിടെയും സൂചിപ്പിച്ചിരിക്കുന്നത്. ഈയൊരു അന്വേഷണ തൃഷ്ണയല്ലാതെ മറ്റൊന്നും അവനിൽ ഉണ്ടാകാൻ പാടില്ല. അല്ലാഹുവിനാണ് എല്ലാറ്റിനെക്കാളും മുൻഗണന നൽകേണ്ടത്. ഒരു വ്യക്തിയും അല്ലാഹുവും തമ്മിൽ അല്പം പോലും ദൂരമോ, അകൽച്ചയോ ഉണ്ടാകാൻ പാടില്ല. ഇതൊരു ചെറിയ കാര്യമല്ല. മുറിച്ചു കടക്കാൻ അത്യന്തം ബുദ്ധിമുട്ടുള്ളൊരു താഴ്വരയാണിത്. ഗുരുതരവും ഉത്കണ്ഠാജനകവുമായ പരീക്ഷണങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും ശേഷം മാത്രം എത്തിപ്പെടാൻ കഴിയുന്ന ഒരു അവസ്ഥ.

പരിശുദ്ധ പ്രവാചകന്റെ (സ) അനുയായികൾ അനുഷ്ഠിച്ചു വന്നിരുന്ന അതേ നമസ്കാരമാണ് നിങ്ങളും അനുഷ്ഠിക്കുന്നത്. വലിയ ആത്മീയ ബഹുമതികൾ അവർ നേടിയെടുത്തതും ഈ നമസ്കാരം വഴിയാണ്. അത് അനുഷ്ഠിക്കുന്നതിലുള്ള ആത്മാർത്ഥതയിലും ഹൃദയത്തെയും മനസ്സിനെയും ഏകാഗ്രമാക്കുന്നതിലും മാത്രമാണു വ്യത്യാസമുണ്ടായിരുന്നത്. അതേ ദൃഢഭക്തിയും സ്ഥിരചിത്തതയും ഉണ്ടെങ്കിൽ അവർ എത്തിച്ചേർന്ന ഉന്നതങ്ങളിൽ നിങ്ങൾക്കും എത്താൻ കഴിയും. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വരുന്ന എല്ലാ കഷ്ടനഷ്ട വേദനകളും നേരിടാൻ എല്ലാ സമയവും നിങ്ങൾ തയാറായിരിക്കണം എന്നതാണ് അതിന് ആവശ്യം.

ഓർക്കുക, ആത്മാർത്ഥമായും സത്യസന്ധമായും പ്രവർത്തിക്കാതെ ഒന്നും തന്നെ നേടിയെടുക്കാൻ കഴിയില്ല. എന്റെ കരം പിടിച്ചു സത്യവിശ്വാസി ആയതിനു ശേഷം തങ്ങളുടെ ഭവനങ്ങളിൽ എത്തി, മറ്റുള്ളവരിൽ നിന്ന് ഒരു ചെറിയ ഭീഷണിയോ, ബുദ്ധിമുട്ടോ നേരിട്ടാൽ ഉടൻ തന്നെ വഴി മാറി പോയ ഒരുപാടു പേരുണ്ട്. അങ്ങനെയുള്ളവർ വിശ്വാസം വിൽക്കുന്നവരാണ്. പരിശുദ്ധ പ്രവാചകന്റെ (സ) അനുയായികളുടെ മാതൃക നിങ്ങൾ നോക്കി പഠിക്കേണ്ടതാണ്. മതത്തിനു വേണ്ടി തല കൊയ്യപ്പെട്ടാലും അവർക്കു സന്തോഷമേയുള്ളൂ. എല്ലാ സമ്പാദ്യങ്ങളും സ്വന്തം ജീവൻ തന്നെയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ത്യജിയ്ക്കാൻ അവർ സദാസന്നദ്ധരായിരിക്കുന്നു. ശത്രുക്കളുടെ ശത്രുതാ മനോഭാവത്തെ അവർ പരിഗണിച്ചതേയില്ല. എല്ലാ നേരവും എന്തും നേരിടാൻ തയാറായിരുന്നു. അങ്ങനെ അവർ ദൃഢനിശ്ചയം ചെയ്തിരുന്നു.

എന്നാൽ ഇന്നത്തെ ജനതയുടെ വിശ്വാസം അതുമായി താരതമ്യം ചെയ്തു നോക്കുക. ഒരു കീഴുദ്യോഗസ്ഥന്റയോ മറ്റാരുടെയെങ്കിലുമോ ചെറിയൊരു ഭീഷണിയ്ക്കു മുന്നിൽ പോലും തങ്ങളുടെ വിശ്വാസം അവർ ഉപേക്ഷിക്കുന്നു. അവരുടെ ആരാധന ഒരു പുറം തോടുപോലെ മാത്രം; അവരുടെ നമസ്ക്കാരം അല്ലാഹുവിൽ എത്തുന്നില്ല. പകരം അത് അവരിലേക്കു തന്നെ തിരിച്ചെറിയപ്പെടുന്നു. അത് അവർക്കു തന്നെ ശാപമായിത്തീരുന്നു.അല്ലാഹു പറയുന്നു."അപ്പോൾ തങ്ങളുടെ നമസ്കാരത്തെ പറ്റി അശ്രദ്ധരായ നമസ്കാരക്കാർക്കു നാശം".(107:5,6)

നമസ്കാരത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കാത്തവർ അത് അനുഷ്ഠിക്കുന്നതിനെ വെറുമൊരു കായികാഭ്യാസം മാത്രമായേ കാണാൻ കഴിയൂ. അങ്ങനെയുള്ളവർ ഒരു സുജൂദ് അല്ലാഹുവിനും രണ്ടാമത്തേത് ലോകത്തിനും വേണ്ടിയാണ് ചെയ്യുന്നത്. അല്ലാഹുവിനു വേണ്ടി ബുദ്ധിമുട്ടുകൾ സഹിയ്ക്കാതെ അല്ലാഹുവിനു മുന്നിൽ ഒരുവനും സ്വീകരിക്കപ്പെടുകയില്ല. ഇതിന് ഉദാഹരണം ഈ ലോകത്തിൽ തന്നെയുണ്ട്. ഒരാൾ തന്റെ യജമാനന്റെ കഷ്ടസമയത്തും അപകടങ്ങളിലും കൂടെ നിൽക്കു കയാണെങ്കിൽ അവൻ പിന്നീടു സേവകനായല്ല തുടരുന്നത്. പകരം ആ യജമാനന്റെ അടുത്ത സുഹൃത്തായാണ്. അല്ലാഹുവിന്റെ കാര്യത്തിലും ഇങ്ങനെ തന്നെ. ഒരാൾ അല്ലാഹുവിനെ കൈവെടിയാതെ, അല്ലാഹുവിന്റെ സഹായവും പിന്തുണയും കേണപേക്ഷിച്ചു കൊണ്ട്, അല്ലാഹുവിനോടും കൂറു പുലർത്തുകയും സ്ഥിരചിത്തനായി നിൽക്കുകയും ചെയ്യുമെങ്കിൽ അല്ലാഹുവും അവന്റെ സമീപത്തു നിന്നു മാറുകയില്ല. അവനെ സുഹൃത്തിനെ പോലെ കരുതുകയും ചെയ്യുന്നു.

കൂറ് എന്ന സവിശേഷത നായയിൽ പോലും കാണാവുന്നതാണ്. വിശക്കുകയോ വയ്യാതാവുകയോ ദുർബലനാവുകയോ ചെയ്യുന്ന സമയത്തു പോലും നായ അവന്റെ യജമാനന്റെ വീടു വിട്ടു പോകില്ല.

ദൈവിക സാക്ഷാത്കാരം കണ്ടു മനസ്സിലാക്കിയ ശേഷം, ചെറിയ ബുദ്ധിമുട്ടുകൾ വരുമ്പോഴെക്കും അല്ലാഹുവിന്റെ മതം വിട്ടു മാറുന്നവർ ഒരു നായയിൽ നിന്നും പാഠം ഉൾക്കൊള്ളേണ് ടതാണ്.

ഇസ്ലാം മതം സ്വീകരിച്ച ഒരു ജൂതനെ പറ്റി ഒരു കഥ രേഖപ്പെടുത്തിയിട്ടുണ് ട്. മതം മാറി കുറച്ചു നാളുകളോളം അയാൾ ബുദ്ധിമുട്ടും വിശപ്പും സഹിച്ചു.സഹിയ്ക്കാനാവാതായപ്പോൾ അയാൾ ഒരു ജൂതന്റെ വീട്ടിൽ പോയി ഭക്ഷണം യാചിച്ചു. അദ്ദേഹം ആ പുതിയ മുസ്ലിമിനു യീസ്റ്റു ചേർത്ത നാലു റൊട്ടി (ബ്രഡ്) കൊടുത്തു. അതും വാങ്ങി തിരികെ നടക്കുമ്പോൾ ഒരു നായ അയാളെ പിന്തുടരുവാൻ തുടങ്ങി. അതിലൊരു പങ്ക് നായയ്ക്കു കൊടുക്കേണ്ടുണ്ട് എന്നു കരുതി ഒരു റൊട്ടി അതിന് എറിഞ്ഞു കൊടുത്തിട്ട് അയാൾ നടന്നു നീങ്ങി. പിന്നെയും പിന്തുടരുന്ന നായക്ക് ഇനി പകുതി പങ്ക് അതിനുള്ളതാണെന്നു കരുതി രണ്ടാമത്തെ റൊട്ടിയും എറിഞ്ഞു കൊടുത്തു. അതു കഴിച്ച ശേഷവും തന്നെ പിന്തുടരുന്ന നായക്ക് മൂന്നാമത്തെ റൊട്ടിയും അതിനുള്ളതായിരിക്കും, തനിക്ക് ഒരു റൊട്ടി മാത്രമായിരിക്കും വിധിച്ചിട്ടുണ്ടാവുക എന്നു കരുതി മൂന്നാമത്തെ റൊട്ടിയും കൊടുത്തു. എന്നാൽ നായയാവട്ടെ അതു കഴിച്ച ശേഷവും അയാളെ പിന്തുടരുവാൻ തുടങ്ങി. ഇപ്രാവശ്യം നായ അയാൾക്കൊരു സൈ്വരക്കേടായി തോന്നി. അയാൾ നായയോടു പറഞ്ഞു. നീ വളരെ ചീത്തയായ ഒരു നായയാണ്. ഞാൻ യാചിച്ചു വാങ്ങിയ നാലു റൊട്ടികളിൽ മൂന്നെണ്ണവും നീ കഴിച്ചു കഴിഞ്ഞു. പിന്നെയും നീ എന്നെ പിന്തുടരുകയാണ്. ആ നിമിഷം നായക്കു സംസാരിക്കാനുള്ള കഴിവു നൽകപ്പെട്ടു എന്നു പറയപ്പെടുന്നു.(ഒരു പക്ഷേ നായ സംസാരിക്കുന്നതായി ആ പുതിയ മുസ്ലിമിനു ദർശനം ലഭിച്ചതാകാം) നായയുടെ മറുപടി ഇതായിരുന്നു. '' ഞാൻ ചീത്തയല്ല. ഒരുപാടു നാളുകളോളം പട്ടിണി സഹിക്കേണ്ടതായി വന്നാലും ഞാൻ എന്റെ യജമാനന്റെ വീടു വിട്ട് മറ്റൊരാളിന്റെ ഭവനം തേടി പോവുകയില്ല. നിങ്ങളാണു ചീത്തയായ മനുഷ്യൻ. വെറും രണ്ടു മൂന്നു ദിനങ്ങൾ മാത്രം വിശപ്പു സഹിച്ച ശേഷം നിങ്ങൾ യാചിച്ചു കൊണ്ട് ഒരു അവിശ്വാസിയുടെ വാതില്ക്കലെത്തി''.

ഇതു കേട്ടതും ആ പുതിയ മുസ്ലിമിന് താൻ ചെയ്ത പ്രവൃത്തി ഓർത്ത് ലജ്ജ തോന്നി. ഒരു വ്യക്തിയ്ക്ക്, ഏറ്റവും താഴേക്കിടയിലുള്ള ഒരു സൃഷ്ടിയ്ക്കുള്ള നല്ല ഗുണങ്ങൾ പോലും പ്രാവർത്തികമാക്കാൻ കഴിയുന്നില്ലെങ്കിൽ പിന്നെ എന്തു ഗുണത്തിനാണ് അവൻ അർഹനായിട്ടുള്ളത്?

ഈ പ്രഭാഷണം നിങ്ങൾക്കെല്ലാവർക്കും മനസ്സിലാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. ഇതിൽ നിന്നും നിങ്ങൾക്ക് ഒരു ജീവിതപാഠം ഉൾക്കൊള്ളുവാൻകഴിയട്ടെ. കാരണം ഒരു മുസ്ലിമിന് ഈ ലോകത്തിലെ നരകത്തിന്റെ പടുകുഴികളിലൂടെ നടക്കേണ്ടതായി വരുന്നു. അതെല്ലാം പിന്നിട്ടാൽ അവന് പരലോകത്തിലെ അനശ്വരവും ഉന്മേഷദായകവുമായ ആരാമങ്ങളിൽ എത്തിച്ചേരുവാൻ കഴിയും. അലസതയോടൊപ്പം ഒരിയ്ക്കലും വിജയം വരികയില്ല. ഉദ്ദേശ്യ പ്രാപ്തിക്കായി പ്രയന്തിച്ചെങ്കിലേ വിജയിക്കുകയുള്ളൂ.ഒരു സത്യവിശ്വാസിയ്ക്ക് അവന്റെ യഥാർത്ഥ ഉദ്ദേശ്യം അഥവാ യഥാർത്ഥ ലക്ഷ്യം അല്ലാഹു ആയിരിക്കണം. അതിനു വേണ്ടി അവൻ ദിനരാത്രം അദ്ധ്വാനിക്കുന്നു. സർവ്വശക്തനായ അല്ലാഹു എന്ന അമൂല്യമായ നിധി പ്രാപിക്കുവാനായി, ആ സാമീപ്യം യഥാർത്ഥമായി അറിയുന്നതിനു വേണ്ടി, എല്ലാ ബുദ്ധിമുട്ടുകളെയും അവഗണിച്ച് അവൻ പരിശ്രമിയ്ക്കുന്നു.

അല്ലാഹു നമ്മുടെയെല്ലാം പ്രാർത്ഥനകൾ സ്വീകരിക്കുമാറാകട്ടെ. അല്ലാഹു ഇറക്കിത്തന്ന ദിവ്യ സാക്ഷാത്കാരത്തിനു സാക്ഷികളായവരുടെ കൂട്ടത്തിൽ മൗറീഷ്യസിലുള്ള നമ്മൾ എല്ലാവരെയും, ഈ ലോകത്തുള്ളവരെയുംഉൾപ്പെടുത്തട്ടെ. അല്ലാഹുവിന്റെ സ്നേഹവും സന്തോഷവും സംതൃപ്തിയും കരഗതമാക്കുവാൻ വേണ്ടി ഏതു കല്ലിലൂടെയും മുള്ളിലൂടെയും നടക്കുവാനുള്ള കഴിവു നമുക്കു നൽകുമാറാകട്ടെ. ഇൻശാ അല്ലാഹ്. ആമീൻ.

ഹുസൂർ (atba), ഈ പ്രഭാഷണത്തിന്റെ വിഷയതന്തുവിനെക്കുറിച്ച് പിന്നെയും ഒരുപാടു വ്യാഖ്യാനങ്ങൾ പറയുകയുണ്ടായി. ചില വ്യക്തികളെ വിഗ്രഹങ്ങളായി കണ്ട് ആരാധിക്കുന്നതിനെ പറ്റിയും അദ്ദേഹം സംസാരിച്ചു. ദാവാ മിഷന്റെ ഭാഗമായി ഈയടുത്തിടെ ഒരു ഗ്രാമം സന്ദർശിച്ചപ്പെഴുണ്ടായ രസകരമായ ഒരു സംഭവകഥ പറയുകയുണ്ടായി. അവിടെ അദ്ദേഹം ഒരു മനുഷ്യനെ കണ്ടു. അയാളുടെ അഭിപ്രായ പ്രകാരം ജാഫർ അലി എന്നു പേരുള്ള ഒരു പ്രഭുവിനെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ അയാളുടെ എല്ലാ പ്രശ്നങ്ങളും പരിഹരിയ്ക്കപ്പെടുമത്രേ. സാമ്പത്തിക ഭദ്രത പോലും അയാൾക്ക് അങ്ങനെ ലഭിക്കുമത്രേ. ഹസ്രത്ത് ഖലീഫത്തുല്ല(atba) ഈ മുസ്ലിമിനോട് ദാവാ(അല്ലാഹുവിലേക്കുള്ള ക്ഷണം) ചെയ്യുകയുണ്ടായി. അയാൾ അല്ലാഹുവിനെ ഉപേക്ഷിച്ച് പ്രഭക്കന്മാരെയാണല്ലോ ആശ്വാസത്തിനായി വിളിക്കുന്നത്. ഹുസൂർ(atba) ചോദിച്ചു. അപ്പോൾ നിങ്ങൾ അല്ലാഹുവിനെ സഹായത്തിനായി വിളിക്കുമ്പോൾ കൂടുതൽ പ്രശ്നങ്ങളിൽ അകപ്പെടുന്നതായി കാണപ്പെടുന്നുവോ? അല്ലാഹുവിനു പകരമായി നിങ്ങളുടെ പ്രഭുവിനെ വിളിക്കുമ്പോൾ നിങ്ങളുടെ വിഷമങ്ങൾ അപ്രത്യക്ഷമാകുന്നുവോ?

അല്ലാഹുവിലേക്ക് ഒരുവൻ തിരിയുമ്പോൾ, അല്ലാഹു അവനെ കൂടുതൽ രീതികളിൽ പരീക്ഷിച്ചു കൊണ്ടിരിക്കും. പ്രഭുക്കന്മാർ വെറും മനുഷ്യർ മാത്രമാണ്. അവരുടെ എല്ലാ പ്രവൃത്തികൾക്കും അല്ലാഹുവിനു മുമ്പിൽ (മറ്റു ജനങ്ങളെ പോലെ തന്നെ) അവർക്കു കണക്കു പറയേണ്ടതായി വരും. ഇതാണ് ഖലീഫത്തുല്ലാ(atba) വ്യക്തമാക്കുവാൻ ഉദ്ദേശിക്കുന്ന വസ്തുത.


*Translated by:* *Dr. Haseena M. Fazil*

*Issued by:* *R. Jamaludin Raother, Amir*

*Jamaat Ul Sahih Al Islam Kerala*

*Email: jamal.raother@gmail.com*

*Website: http://www.jamaat-ul-sahih-al-islam.com*